# ലളിതാംബിക അന്തർജ്ജനവും നവോത്ഥാനസ്ത്രീയും

2012 ഫെബ്രുവരി 6-ന് ലളിതാംബിക അന്തർജ്ജനം അന്തരിച്ചിട്ട് 25 വർഷം തികയുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ മലയാളികളുടെ സാമൂഹ്യജിവിതത്തെ സ്വാധീനിക്കുകയും മാറ്റിത്തിർക്കുകയും ചെയ്തവരുടെ പട്ടികയിൽ ലളിതാംബിക അന്തർജ്ജനത്തിന്റെ പേര് ഉൾച്ചേർക്കുന്നതിന് പലപ്പോഴും നമ്മൾ മറന്നുപോകാറുണ്ട്. വായിക്കുംതോറും അറിയുംതോറും ഇങ്ങനെയൊരു സ്ത്രീ നമ്മുടെ മുൻതലമുറയിൽ ജീവിച്ചിരുന്നല്ലോ എന്ന് കുറച്ചൊരു അദ്ഭുതത്തോടെയെ കാണാൻ കഴിയുന്നുള്ളൂ. അത്രമാത്രം പ്രതിഭാശാലിത്വവും ജീവിത തൃഷ്ണയും പുരോഗമനേച്ഛയും നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവും അവരിൽ ഒത്തിണങ്ങിയിരുന്നു. എന്നാൽ ഒരു സാമൂഹ്യപരിഷ്കർത്താവെന്ന നിലയിലോ സമുദായപരിഷ്കർത്താവെന്ന നിലയിലോ ലളിതാംബിക അന്തർജ്ജനം വി. ടി. ക്കോ എം. ആർ. ബി. ക്കോ മുത്തരിങ്ങോടിനോടോ ഒപ്പം ചരിത്രത്തിൽ ഇടം നേടിയില്ല. അതോ നല്കിയില്ലെന്നു പറയുന്നതാവും ശരി. സ്ത്രീക്ക് കല്പിച്ച് നല്കാൻ കുറേക്കൂടി സുരക്ഷിതമായ സാഹിത്യമേഖലയിലേക്ക് ചുരുക്കുകയാണ് നമ്മൾ ചെയ്തത്. അവിടെയും മാതൃഭാവത്തിന്റെ കഥാകാരി എന്ന് മുദ്രകുത്തുകയും ചെയ്തു. ലളിതാംബിക അന്തർജ്ജനത്തിന്റെ ചരിത്രം ഇനിയും എങ്കിലും തിരുത്തി വായിക്കേണ്ടതുണ്ട്.

## എഴുത്തിന്റെ കാലവും ഇടവും

1909 മാർച്ച് 30-ന് കൊട്ടാരക്കര കോട്ടവട്ടത്ത് ജനിച്ചു. 1987 ഫെബ്രുവരി 6-ന് അന്തരിച്ചു. 20-ാം നൂറ്റാണ്ടിന്റെ എല്ലാ ഭാവപ്പകർച്ചകളിലൂടെയും കടന്നുപോയ ഒരു ജീവിതമായിരുന്നു അത്. അക്കാലത്തിന്റെ പിന്നാമ്പുറമെന്തായിരുന്നു? “ഒരു സവർണ്ണജാതിക്കാരൻ ഒരു നായാടിയെ കാണാൻ ഇടയായാൽ അയാൾ കുളിച്ച് ശുദ്ധം വരുത്തേണ്ടതുണ്ട്. നായാടികൾ ദൃഷ്ടി ദോഷമുള്ളവരത്രെ. അവർ ഭിക്ഷ യാചിച്ച് ജീവിക്കണം. എന്നാൽ പുറത്തിറങ്ങി ഭിക്ഷ യാചിക്കാനും പാടില്ല. വഴിയരികിൽ ചെടിപ്പടർപ്പുകൾക്കിടയിൽ മറഞ്ഞിരുന്ന് ഭിക്ഷാപാത്രം വഴിയിൽവെച്ച് ഉറക്കെ വിളിച്ച് യാചിക്കണം.” (എ. കെ. ഗോപാലൻ, കേരളം ഇന്നലെ ഇന്ന്.)

“മലബാറിൽ ഞാൻ കണ്ടതിനെക്കാൾ എറ്റവും വലിയ വിഡ്ഢിത്തം ഇതിനുമുമ്പ് ലോകത്തിൽ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? സവർണ്ണർ നടക്കാറുള്ള തെരുവുകളിൽ പാവപ്പെട്ട പറയന് നടന്നുകൂടാ. പക്ഷേ, ഇംഗ്ലീഷ് നാമം സ്വീകരിച്ചാൽ എല്ലാം ഭദ്രമായി. ഈ മലബാറുകാരെല്ലാം മതഭ്രാന്തന്മാരാണ്. അവരുടെ വീടുകളത്രയും ഭ്രാന്താലയവും.” (വിവേകാനന്ദൻ, 1892). ഇക്കാലത്ത് ബ്രാഹ്മണരിൽനിന്ന് 16 അടി അകലെ നായർക്കും 32 അടി അകലെ ഈഴവർക്കും നില്ക്കാം. പുലയന്റെ അടിമച്ചന്തയിലെ വില 6 ചക്രവും പുലയിയുടെ വില 4 ചക്രവും. ഇ. എം. എസ്. ‘ജാതി ജന്മി നാടുവാഴിത്ത’കൂട്ടുകെട്ട് എന്നു വിശേഷിപ്പിച്ച വ്യവസ്ഥിതി ഇതായിരുന്നു. ഒരു കുട്ടി ജനിക്കുമ്പോഴേ ജാതി, മതം, ഉടുപ്പ്, നടപ്പ്, തൊഴിൽ, വിദ്യാഭ്യാസം, വിവാഹം, മരണം എന്നിവയെല്ലാം എങ്ങനെയായിരിക്കണം എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആ വ്യവസ്ഥയിൽ മനുഷ്യനു മനുഷ്യൻ അശുദ്ധമായിരുന്നു. സവർണ്ണജാതികൾ ഒരു നികുതിയും കൊടുക്കേണ്ടതില്ലായിരുന്നു. ബ്രാഹ്മണരുടെ സുഖസൗകര്യങ്ങൾക്കായി അവർണ്ണർ ജീവിക്കാൻ വിധിക്കപ്പെട്ടു. നല്ലൊരു വിഭാഗം അടിമകളായിരുന്നു. ഉഴവുമാടുകൾ തികയാതെ വരുമ്പോൾ അടിമകളെ ഉപയോഗിച്ചിരുന്നു.

1859-ൽ മാറുമറയ്ക്കാനുള്ള അവകാശം പ്രഖ്യാപിക്കപ്പെട്ടു. 1888-ലെ അരുവിപ്പുറം പ്രതിഷ്ഠ, 1893-ലെ അയ്യങ്കാളിയുടെ ശോഭാവില്ലുവണ്ടി യാത്ര ഇതൊക്കെ അവകാശസമരപഥങ്ങളിലെ നിർണ്ണായകസന്ദർഭങ്ങളായിരുന്നു. പട്ടിക്കും പൂച്ചയ്ക്കും ഒപ്പമെങ്കിലും വഴിനടക്കാനുള്ള അവകാശങ്ങൾക്കായി ഈഴവരും പുലയരും ഉൾപ്പെട്ട അയിത്തജാതിക്കാർ നടത്തിവന്ന സമരങ്ങൾ കേരളസമൂഹത്തെ നവീകരിച്ചു.

20-ാം നൂറ്റാണ്ടിന്റെ ആദ്യകാലമാകുമ്പോഴേക്കും ‘മനുഷ്യൻ നന്നായാൽ മതി’ എന്നൊരു സന്ദേശം എല്ലാ ജാതി മതവിഭാഗങ്ങളിലും അലയടിച്ചു. അതോടൊപ്പം സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ‘മനുഷ്യർ’ എന്ന പൊതുമണ്ഡലം രൂപംകൊണ്ടു. ഇക്കാലത്തുതന്നെയാണ് ‘തൊഴിലാളി’ ഉദയം ചെയ്യുന്നത്. അദ്ധ്വാനിക്കുന്ന തൊഴിലാളി സൃഷ്ടിച്ച മൂല്യവ്യവസ്ഥ സമൂഹത്തിന്റെ ഊർജ്ജമായി മാറി. പില്ക്കാലത്ത് ആ ഊർജ്ജം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ജീവവായു ആയി പരിണമിച്ചു. ദേശീയസമരങ്ങളും സാംസ്കാരികനവോത്ഥാന പ്രസ്ഥാനങ്ങളും ഈഴവർ, നായർ, നമ്പൂതിരി തുടങ്ങി കീഴ്ജാതി മേൽജാതി വ്യത്യാസമില്ലാതെ എല്ലാ വിഭാഗങ്ങളെയും നവോത്ഥാനത്തിലേക്ക് നയിച്ചു. ഈ നവോത്ഥാനത്തിൽ അറിവിന്റെ നിഗൂഢവൽക്കരണം അവസാനിക്കുകയും അറിവ് സാമൂഹ്യവൽക്കരിക്കപ്പെടുകയും ചെയ്തു.

‘എഴുത്ത്’ ഒരു സമരമുറയാകുന്നത് ഇക്കാലത്താണ്. സ്ത്രീയുടെ എഴുത്ത് ഒരുപടികൂടി കടന്ന് ‘ഗറില്ലാ സമരമുറയാകുന്നതും ഇക്കാലത്താണ്. 1921 മാർച്ച് മാസത്തിലെ ‘മഹിള’യിൽ ബി. പാപ്പിയമ്മ ഇങ്ങനെ എഴുതി “സ്ത്രീകൾ അടുപ്പിനുഴിഞ്ഞുവിട്ട കോഴികളെപോലെ അടുക്കളപൂച്ചകളായി കഴിഞ്ഞുകൂടിയാൽ സമൂഹം

എങ്ങനെ അഭിവൃദ്ധി പ്രാപിക്കും." 1930 കളോടെ പരിഷ്കരണ പ്രസ്ഥാനങ്ങളിൽ എല്ലാ ജാതിവിഭാഗങ്ങളിൽ നിന്നും സ്ത്രീകൾ ഉയർന്നുവന്നു.

ആര്യാവള്ളം, ദേവകിനിരിക്കാട്ടിരി, പാർവ്വതി നെന്മേനിമംഗലം, (നമ്പൂതിരി തോട്ടയ്ക്കാട്ട് ഇക്കാവമ്മ കോന്നിയൂർ മീനാക്ഷിയമ്മ (നായർ) ഗൗരി പവിത്രൻ, മുതുകുളം പാർവ്വതിയമ്മ, പാർവ്വതി അയ്യപ്പൻ (ഈഴവ), സി. രുദ്രാണി (അരയ) രാഷ്ട്രീയരംഗത്തും മലബാറിലെ കർഷകസമരങ്ങളിലും ആലപ്പുഴയിലെ കർഷകഫാക്ടറി സമരരംഗങ്ങളിലും നേതൃത്വത്തിലുമായി ധാരാളം സ്ത്രീകൾ രംഗത്തുവന്നു.

ഈ കാലഘട്ടത്തെ ലളിതാംബിക അന്തർജ്ജനം എങ്ങനെയാണ് രേഖപ്പെടുത്തുന്നതെന്ന് നോക്കാം.

"ഒന്ന് ഓർത്തു നോക്കൂ എത്ര നിസ്സാരയായ ഒരു സ്ത്രീയായിരുന്നു ഞാന് ചുറ്റുപാടുമുള്ള ലോകത്തെപ്പറ്റി പോലും തിരിച്ചറിവില്ലാത്ത ഗ്രാമീണയായ അന്തപുരവനിത അനദ്യസ്തവിദ്യാ, അബല. പക്ഷേ, ആ എനിക്കുപോലും കാലത്തിന്റെ ചുടുനെടുവീർപ്പുകൾ ഏറ്റെടുക്കാതിരിക്കാൻ കഴിഞ്ഞില്ല. നെടുവീർപ്പുകളുടെ ഒരു വൻകൊടുങ്കാറ്റായിരുന്നു അത്. കേരളത്തിൽ-ഭാരതത്തിൽ-ലോകത്തെമ്പാടും-അലയടിച്ചിരുന്നത്. അനേകം പ്രാണമരുത്തുകൾ ഉൾക്കൊണ്ട ആ കാലവാതം അടിച്ചുകയറിയപ്പോൾ മുളംതണ്ടുകളിൽപോലും നാദമുണ്ടായി മൺപ്രതിമകൾ ജീവൻ വെച്ചു. ഞാനും ഒരു കവിയായി. കഥാകർത്ത്രിയുമായി. ഇതാണ് കഥ." (ആത്മകഥയ്ക്ക് ഒരാമുഖം-പേജ് 91).

നവോത്ഥാനമൂല്യങ്ങൾ സ്വജീവിതത്തിൽ ഏറ്റുവാങ്ങിയ ഒരു സർഗ്ഗപ്രതിഭയായിരുന്നു അന്തർജ്ജനം. ഒരു മാതൃകാ'നവോത്ഥാനസ്ത്രീ'.

## വിദ്യാഭ്യാസം

ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിരുന്നില്ലെങ്കിൽ ജീവിതസായന്തനങ്ങളിൽപോലും ഉത്കടമായ വിജ്ഞാന തൃഷ്ണ ലളിതാംബികയ്ക്കുണ്ടായിരുന്നു. വിദ്യാഭ്യാസത്തിനും സ്വതന്ത്രചിന്തയ്ക്കും അക്കാലത്ത് നമ്പൂതിരിസമുദായത്തിൽ ഉണ്ടായിരുന്ന വിലക്കുകൾ അന്തർജ്ജനത്തിന് ബാധകമായിരുന്നില്ല. ശ്രീമൂലം പ്രജാസഭയുടെ മെമ്പറായിരുന്ന ഉല്പതിഷ്ണുവായ കെ. ദാമോദരൻപോറ്റി അച്ഛനായിരുന്നു എന്നതുപോലെയോ അതിനേക്കാൾ ഒരു പടികൂടി മുന്നിൽ നില്ക്കുന്നതാണ് മകളുടെ വിദ്യാഭ്യാസത്തിലും ബുദ്ധിവികാസത്തിലും അതീവശ്രദ്ധ പുലർത്തിയിരുന്ന നങ്ങയ്യ അന്തർജ്ജനം അമ്മയായിരുന്നു എന്ന് ലളിതാംബിക അതിനെക്കുറിച്ച് ഇങ്ങനെ എഴുതുന്നു: "അമ്മ സൂക്ഷിച്ചു ഫയൽ ചെയ്തുവച്ചിരുന്ന പുസ്തകങ്ങളും മാസികകളും പത്രങ്ങളുമായിരുന്നല്ലോ എനിക്കും ചെറുപ്പകാലത്തെ കൂട്ടുകാരായിരുന്നത്. ഭാഷാപോഷിണി, ലക്ഷ്മിഭായി, രസികരഞ്ജിനി, ആത്മപോഷിണി മുതലായി ആദ്യമുതല്ക്കുണ്ടായിരുന്ന മാസികകളെല്ലാം അമ്മ ലക്കമുറയ്ക്ക് കെട്ടിവെച്ചിരുന്നു. എന്തിന് 'സ്വദേശാഭിമാനി' പത്രത്തിന്റെ ലക്കങ്ങൾ പോലും ഫയൽ ചെയ്തിരുന്നല്ലോ...

പാറപ്പുറം, ഉദയഭാനു തുടങ്ങിയ നിരോധിത പുസ്തകങ്ങൾ പിന്നെ കുറെക്കാലം കഴിഞ്ഞ് എനിക്ക് വായിക്കാൻ പാകത്തിൽ അമ്മ സൂക്ഷിച്ചിരുന്നു. ഇങ്ങനെ അമ്മ എടുത്തുവച്ചിരുന്ന് നിരോധിത വസ്തുക്കൾ എടുത്തു പെരുമാറിയാണോ അമ്മയുടെ മകൾ ഒടുവിൽ നിരോധിതമേഖലകൾ ചാടിക്കടക്കുന്ന നിഷേധിയായിത്തീർന്നതെന്നും ഞാൻ ഇപ്പോൾ സംശയിക്കുന്നു."

## നിരോധിതമേഖലകൾ

അധികാരവും സമ്പത്തും സർവ്വതന്ത്രസ്വാതന്ത്ര്യവും ധൂർത്തടിച്ച് സമൂഹത്തിലെ ഇതരവിഭാഗങ്ങളുടെ ജീവിതത്തെ ചൂഷണം ചെയ്ത് ജീവിതത്തെ ആഘോഷമാക്കിയിരുന്നവരാണ് 20-ാം നൂറ്റാണ്ടിന്റെ പാതിവരെയുള്ള നമ്പൂതിരി സമൂദായം. എന്നാൽ അതിലെ സ്ത്രീകളുടെ അവസ്ഥ ഏത് അവർണ്ണസ്ത്രീയുടെ ജീവിതത്തേക്കാളും ദയനീയവും. പുരുഷാധിപത്യത്തിന്റെയും അചാരാനുഷ്ഠാനങ്ങളുടെയും വെറും ഇരകൾ. അന്തർജ്ജനത്തിന്റെ 'വിധിബലം' എന്ന കഥയിൽ പറയുന്നു. 2 നായർ സ്ത്രീകളുടെ സംഭാഷണം. ഈശ്വരാ! പത്തു ജന്മം പട്ടിയായി ജനിച്ചാലും ഈ നമ്പൂതരുടെ എടേല് പെണ്ണായി പെറക്കല്ലോ പഹവാനേ!

ഈ അന്തർജ്ജനങ്ങലുടെ ദുഃഖങ്ങൾ എറ്റുവാങ്ങിയാണ് അന്തർജ്ജനം എഴുത്തുകാരിയായത്.

"സ്ത്രീ ഭൂമി പുത്രിയാണെന്ന ചൊല്ല് ഏതായാലും ശരിതന്നെ. ഭൂമിക്കടിയിൽ എന്തൊക്കെയുണ്ട്? പാറ, ലോഹം, ലാവ തിളച്ചുണ്ടാകുന്ന ചൂട്, പുറമെ ആളുകൾ വെട്ടുന്ന കിളയ്ക്കുന്ന, മണൽവാരുന്നു, പാമ്പുകൾ മാളം തീർക്കുന്നു. എല്ലാം നിശ്ചലം, സർവ്വംസഹം. പക്ഷേ, പച്ചമണ്ണിൽ ചെവി വെച്ചു വെറും നിലത്തു കിടക്കുമ്പോൾ കേൾക്കാം ക്ഷാമമാതാവിന്റെ ഉൾത്തട്ടിലുള്ള അദ്ഭുതകരവും വിചിത്രവുമായ ആർത്തനാദത്തിന്റെ മാറ്റൊലി. ഞാൻ ഇതു കേട്ടിട്ടുണ്ട്. കേട്ടുകൊണ്ടേ കഴിയുന്നു."

ഈയവസ്ഥയെ മാധവിക്കുട്ടി 'മറ്റാരുടെയോ ഗാനം' എന്ന കവിതയിൽ

“ഞാൻ ഒന്നിച്ചു സംസാരിക്കുന്ന ലക്ഷംലക്ഷം
ജനങ്ങളാണ്
സ്വന്തം ശബ്ദം ഒരാരവമായി ഉയർത്തുമ്പോൾ
പളുങ്കുമണികൾപോലെ മറ്റാരുടെയോ
ഗാനത്തിൽ കൊരുക്കപ്പെട്ട ലക്ഷംലക്ഷം
മൗനങ്ങളാണ് ഞാൻ.”

സ്ത്രീകൾ എഴുതുമ്പോൾ സ്വന്തം ജീവിതത്തെ കലയായോ കലയെ ഒരുതരം ബദൽ ജീവിതമായോ അനുഭവിക്കുന്നതുകൊണ്ട് ‘ഞാൻ’ എപ്പോഴും കുറച്ചു മുന്നിൽ കയറി നില്ക്കുന്നതായി തോന്നും. പക്ഷേ, അന്തർജ്ജനം ഈ ‘അഹ’ത്തെ എപ്പോഴും കുറച്ചു പിന്നോക്കം തള്ളി നിർത്താൻ ബോധപൂർവ്വം ശ്രമിക്കുന്നതായി കാണാം. അത് രണ്ടുതരത്തിലാണ് അന്തർജ്ജനം നിർവ്വഹിക്കുന്നത്. (1) നിലവിലുള്ള അധികാരഘടയിലെ സ്ഥാനങ്ങൾ വ്യതിചലിപ്പിച്ചുകൊണ്ട്. (2) പുതിയ സാധ്യതകൾ ആരാഞ്ഞുകൊണ്ട്-ഏകാന്തതയാൽ ശപിക്കപ്പെട്ട ഒരു സ്ത്രീയുടെ പ്രതികാരമാണ് അവളുടെ എഴുത്ത് എന്ന സാമ്പ്രദായികവിചാരത്തെ തകർത്തെറിഞ്ഞുകൊണ്ടാണ് ലളിതാംബികയുടെ സാഹിത്യരചനകൾ നിർവ്വഹിക്കപ്പെടുന്നത്.

1926-ൽ, ആദികാലരചനയിൽ തന്നെ, അന്തർജ്ജനസമാജത്തിന്റെ സ്വാഗതഗാനത്തിൽ തന്നെ

“വളഞ്ഞു നീണ്ടുള്ള ചുണ്ടുയർത്തി

തുടർന്നു കൊത്തു ചിറ